# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4666** — **29.06.2012-ൽ മറുപടിക്ക്**

## ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ എന്നാണ് നിയോഗിച്ചത് എന്ന് വെളിപ്പെടുത്താമോ; | എ) 10/02/2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 43/2011/കൃഷി അനുസരിച്ച് ഒരു എട്ടംഗ ശമ്പള പരിഷ്കരണ സമിതി രൂപീകരിച്ചിട്ടുള്ളതാണ്. |
| ബി) ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) ശമ്പള പരിഷ്കരണ സമിതി 29/06/2011-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. |
| സി) ഈ സമിതിയുടെ റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | സി) ശമ്പള സ്കെയിലുകളും സേവന വ്യവസ്ഥകളും പരിഷ്കരിക്കുന്നതിനും അലവൻസുകളും, അഡ്വാൻസുകളും വർദ്ധിപ്പിക്കുന്നതിനുമുള്ള ശുപാർശകളാണ് സമർപ്പിച്ചത്. |
| ഡി) ഇവയിൽ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ? | ഡി) ശമ്പള പരിഷ്കരണ സമിതിയുടെ ശുപാർശകളുടേയും അതിൻമേലുള്ള ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം മന്ത്രിസഭ അംഗീകരിച്ച് കരട് സർക്കാർ ഉത്തരവ് പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ആഫീസർ